## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2902

2.4.2013 ൽ
മറുപടിയ്ക്ക്

### രണ്ടാം ഘട്ട നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ :<br>ശ്രീ.സി.കെ. സദാശിവൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. എ.എം. ആരിഫ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സപ്ലൈകോയുടെ രണ്ടാം ഘട്ട നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ ; ഇതിന് സപ്ലൈകോ നിശ്ചയിച്ചിരിക്കുന്ന വില സ്വകാര്യ മില്ലുകൾ നൽകുന്നതിനേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോ കി.ഗ്രാമിന് 17 രൂപ പ്രകാരമാണ് നെല്ല് സംഭരിക്കുന്നത്. സ്വകാര്യമില്ലുകളുടെ നെല്ല് സംഭരണ വില സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. |
| ബി) സംഭരണ സമയത്ത് കുറഞ്ഞ വില നിശ്ചയിക്കുക വഴി സംഭരണം അട്ടിമറിക്കപ്പെടാനും കർഷകർക്ക് മതിയായ പ്രതിഫലം കിട്ടാതെ വരികയും ചെയ്യും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ നിശ്ചയിച്ചിരിക്കുന്ന നെല്ല് സംഭരണ വില മികച്ച വിലയാണ്. കടുത്ത വരൾച്ച മൂലം നെല്ലിന് ദൗർലഭ്യം നേരിടുന്നതിനാലാണ് മില്ലുകൾ കൂടുതൽ വില നൽകി നെല്ലെടുക്കുന്നത്. |
| സി) യഥാസമയം സംഭരണവില നിശ്ചയിക്കാത്തത് നെല്ല് സംഭരണത്തെ ബാധിക്കുമെന്നും അതുവഴി അരി വിലയിൽ വർദ്ധനവുണ്ടാകുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഓരോ സീസണിലും നെല്ലിന്റെ സംഭരണ വില യഥാസമയം തന്നെ സർക്കാർ നിശ്ചയിച്ച് ഉത്തരവിറക്കുന്നുണ്ട്. നെല്ലു സംഭരണത്തെ ഇതു ബാധിച്ചിട്ടില്ല. |
| ഡി) സ്വകാര്യ മില്ലുടമകൾക്ക് ഗുണം ചെയ്യുന്ന ഈ രീതി അവസാനിപ്പിച്ച് ഉചിതമായി വില നൽകി നെല്ല് സംഭരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) 2012 സെപ്റ്റംബർ മാസത്തിലാണ് നെല്ല് സംഭരണവില കിലോയ്ക്ക് 2 രൂപ വർദ്ധിപ്പിച്ച് 17 രൂപയാക്കിയത്. ഇപ്രകാരം ഉയർന്ന വിലയ്ക്ക് സർക്കാർ നെല്ല് സംഭരിക്കുന്നത് കർഷകർക്ക് നെല്ലിന് മികച്ച വില ലഭിക്കുന്നതിന് സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ